ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. എഫ്-2/ 6853/2024/ മെ.വി.വ.** **തീയതി: 07-12-2024**

Registered with A/D

## കാരണം കാണിക്കൽ നോട്ടീസ്

ഡോ. അരുൺ. ബി., എന്ന താങ്കൾ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഓർത്തോപീഡിക്സ് വിഭാഗം സീനിയർ ലെക്ച്ചറർ ആയി 04/03/2016 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശേഷം, ഉന്നത പഠനാവശ്യത്തിനായി പ്രിൻസിപ്പാൾ മുഖാന്തിരം ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും താങ്കളുടെ അപേക്ഷ പരിഗണിച്ച് സ.ഉ.(നം).1936/2016/ആ.കു.വ തീയതി;13/07/2016 ഉത്തരവ് പ്രകാരം കെ.എസ്.ആർ പാർട്ട്-I അപ്പെൻഡിക്സ് XII B റൂളിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ താങ്കൾക്ക് 09/03/2016 മുതൽ 14/06/2019 വരെ പഠനാവധി അനുവദിക്കുകയും താങ്കൾ പഠനാവധിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. താങ്കൾക്ക് അനുവദിച്ച പഠനാവധി 14/06/2019 തീയതിയിൽ അവസാനിച്ചതിനാൽ 15/06/2019 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിക്കണമായിരുന്നു. എന്നാൽ നാളിതുവരെയായി താങ്കൾ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ല.

14/06/2019 തീയതിയിൽ പഠനാവധി കഴിഞ്ഞിട്ടും ജോലിയിൽ തിരികെ പ്രവേശിക്കാതെ താങ്കൾ അനധികൃതമായി സർക്കാർ സേവനത്തിൽ നിന്നും വിട്ടുനിൽക്കുകയാണ്. വീണ്ടും ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിനായി നാളിതുവരെയായി യാതൊരുവിധ ഇടപെടലുകളോ ആശയവിനിമയങ്ങളോ താങ്കൾ നടത്തിയിട്ടില്ല. താങ്കളുടെ അനധികൃത ഹാജരില്ലായ്മ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ആർ പാർട്ട്-I അപ്പെൻഡിക്സ് XII B റൂളിലെ വ്യവസ്ഥകൾ പ്രകാരം പഠനാവധി അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥർ പഠനാവധി അവസാനിച്ചിട്ടും ഡ്യൂട്ടിയിൽ തിരികെ പ്രവേശിക്കാത്ത പക്ഷം അച്ചടക്ക നടപടികൾ സ്വീകരിച്ച് അവരെ സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതാണ്. എന്നാൽ താങ്കൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രൊബേഷ്ണർ ആയതിനാൽ അച്ചടക്ക നടപടികളൊന്നും കൂടാതെ തന്നെ താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ സർക്കാർ നിയമനാധികാരിയായ ഡി.എം.ഇ-യോട് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന ഓർത്തോപീഡിക്സ് വിഭാഗം സീനിയർ ലെക്ച്ചറർ ആയ താങ്കൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രൊബേഷ്ണർ ആയതിനാൽ അച്ചടക്ക നടപടികളൊന്നും കൂടാതെ തന്നെ അനധികൃതാവധിയിൽ തുടരുന്ന താങ്കളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനു നിയമനാധികാരിയായ ഡി.എം.ഇ തീരുമാനമെടുത്തിട്ടുണ്ട്.

ഈ തീരുമാനം സ്ഥിരപ്പെടുത്താതെയിരിക്കുന്നതിനു താങ്കൾക്ക് എന്തെങ്കിലും കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ, ഈ കാരണം കാണിക്കൽ നോട്ടീസ് കിട്ടി 15 ദിവസത്തിനകം മറുപടി നൽകേണ്ടതാണ്. നിർദ്ദേശിച്ച സമയത്തിനുള്ളിൽ താങ്കളുടെ മറുപടി ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊരു കാരണവും ബോധിപ്പിക്കുവാനില്ലെന്ന അനുമാനത്തിൽ ഇനിയൊരറിയിപ്പ് കൂടാതെ സർവീസ് പ്രൊബേഷ്ണർ ആയ താങ്കളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണ്. അതിനുശേഷമുള്ള താങ്കളുടെ യാതൊരുവിധ ക്ലെയിമും നിലനിൽക്കുന്നതല്ല.

Signed by
Thomas Mathew
Date: 07-12-2024 04:56:51

THOMAS MATHEW
DIRECTOR

സ്വീകർത്താവ്,

ഡോ. അരുൺ ബി.,
5/753, 'സുപ്രഭ', രാരിച്ചൻ റോഡ്,
എരഞ്ഞിപാലം പി.ഒ., കോഴിക്കോട് - 673006

പകർപ്പ്: 1. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ